പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ . 108 — 03-02-2020 -ൽ മറുപടിക്ക്

## എൻ.ഡി.ആർ.എഫ്.ൽ നിന്നും അനുവദിച്ച തുക

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.വി.ടി.ബൽറാം<br>ശ്രീ.പി.ടി. തോമസ് | | **പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** |
| എ) | 2018 ൽ സംസ്ഥാനത്തുണ്ടായ പ്രളയ കെടുതിയുമായി ബന്ധപ്പെട്ട് എത്ര രൂപയുടെ സാമ്പത്തിക സഹായമാണ് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നതെന്നും ഇത് പ്രകാരം എൻ.ഡി.ആർ.എഫ്.ൽ നിന്നും കേന്ദ്ര സർക്കാർ എത്ര രൂപ അനുവദിച്ചെന്നുമുള്ള വിശദാംശം നൽകാമോ; | എ) | 2018 ലെ പ്രളയവുമായി ബന്ധപ്പെട്ട് ദേശീയ ദുരന്തപ്രതികരണനിധിയുടെ മാനദണ്ഡമനുസരിച്ച് 5616 കോടി രൂപയുടെ സഹായം അഭ്യർത്ഥിച്ച്കൊണ്ട് മെമ്മോറാണ്ടം കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയുണ്ടായി. 2904.85 കോടി രൂപയാണ് അടിയന്തിര കേന്ദ്ര സഹായമായി നൽകിയത്. |
| ബി) | ഇങ്ങനെ എൻ.ഡി.ആർ.എഫ്.ൽ നിന്നും സംസ്ഥാനത്തിന് അനുവദിച്ച തുകയിൽ നാളിതുവരെ ചെലവഴിച്ച തുക എത്രയെന്നും അത് ഏതെല്ലാം ഇനത്തിലാണെന്നും വ്യക്തമാക്കാമോ; | ബി) | കേന്ദ്ര ദുരന്ത പ്രതികരണനിധിയിൽ നിന്ന് അനുവദിക്കുന്ന തുക സംസ്ഥാന ദുരന്ത പ്രതികരണനിധിയിലെ വിവിധ ശീർഷകങ്ങളിൽ നിലവിൽ നില്ക്കുന്ന തുകയോടൊപ്പം വകയിരുത്തുകയും സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡ പ്രകാരം വിനിയോഗിക്കുകയും ചെയ്യുന്നു. സംസ്ഥാന ദുരന്തപ്രതികരണനിധിയിൽ നിന്നും 2018-19 സാമ്പത്തിക വർഷം 1317.63 കോടി രൂപയും നടപ്പ് സാമ്പത്തിക വർഷം 1099.91 കോടി രൂപയും (29/01/2020 വരെ) വിനിയോഗിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ വിവിധ ശീർഷകങ്ങളിൽ നിന്ന് വിനിയോഗിച്ച തുക സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |
| സി) | ഇത്തരത്തിൽ ചെലവഴിച്ച തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് യഥാസമയം കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; ഇല്ലെങ്കിൽ ആയത് സമർപ്പിക്കുന്നതിലുണ്ടായ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; | സി) | ഉണ്ട്. വിനിയോഗസർട്ടിഫിക്കറ്റ് 04/07/2019 നും, 28/06/2019 നും, 10/12/2019 നും, 14/01/2020 നും കേന്ദ്ര സർക്കാരിലേയ്ക്ക് അയച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | 2019 ൽ സംസ്ഥാനത്തുണ്ടായ പ്രളയകെടുതിയുമായി ബന്ധപ്പെട്ട് എത്ര രൂപയുടെ സാമ്പത്തിക സഹായമാണ് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുള്ളതെന്നും ഇതിൽ എത്ര രൂപ നാളിതുവരെ കേന്ദ്രം അനുവദിച്ചുവെന്നും വ്യക്തമാക്കാമോ; | ഡി)<br>&<br>ഇ) | 2019 ലെ പ്രളയവുമായി ബന്ധപ്പെട്ട് 2101.88 കോടി രൂപയുടെ സഹായം അഭ്യർത്ഥിച്ച്കൊണ്ട് മെമ്മോറാണ്ടം സമർപ്പിക്കുകയുണ്ടായി. 2019 ലെ പ്രളയവുമായി ബന്ധപ്പെട്ട് കേന്ദ്ര ദുരന്ത പ്രതികരണനിധിയിൽ നിന്ന് അടിയന്തിര സഹായം അനുവദിച്ചിട്ടില്ല. 2019-20 സാമ്പത്തിക വർഷത്തിലെ കേന്ദ്ര വിഹിതത്തിന്റെ ആദ്യ ഗഡുവായി 5227.50 ലക്ഷം രൂപ അനുവദിച്ച് കിട്ടിയിട്ടുണ്ട്. തുക അനുവദിക്കാത്തിന് കാരണം വ്യകതമാക്കി കേന്ദ്ര സർക്കാരിൽ നിന്ന് കത്തുകളൊന്നും ലഭിച്ചിട്ടില്ല. |
| ഇ) | കേന്ദ്ര സർക്കാരിനോട് ഇത്തരത്തിൽ ആവശ്യപ്പെട്ട തുക അനുവദിച്ചിട്ടില്ലെങ്കിൽ ആയതിന് കേന്ദ്ര സർക്കാർ ചൂണ്ടികാണിച്ച കാരണം എന്താണെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം

State Disaster Response Fund

| | | 2018-19 | 2019-20(up to 29/01/2020) | Total |
|---|---|---|---|---|
| 1 | 2245-01-101-98D -Food and clothing | 0 | 0 | 0 |
| 2 | 2245-01-101-99 D Agri crop loss | 140266090 | 5576054 | 145842144 |
| 3 | 2245-01-102-99D Drinking Water Supply | 58583194 | 21807210 | 80390404 |
| 4 | 2245-01-105-99-Drought -veterinary care | 0 | 1205000 | 1205000 |
| | 2245-02-101-94-F-Other items | 2113749443 | 830436625 | 2944186068 |
| 6 | 2245-02-101-95-F-Agri crop loss | 610228690 | 13220481 | 623449171 |
| 7 | 2245-02-101-96F-Supply of medicines | 5418640 | 0 | 5418640 |
| 8 | 2245-02-101-98F-Food & clothing | 2760920554 | 2771303240 | 5532223794 |
| 9 | 2245-02-102-99-F-Drinking water supply | 25502544 | 200932500 | 226435044 |
| 10 | 2245-02-105-99-F-Veterinary care | 263430815 | 578300 | 264009115 |
| 11 | 2245-02-106-99-F-Restoration of damaged roads | 1302442371 | 239337799 | 1541780170 |
| 12 | 2245-02-107-99 F-Repairs to govt office building | 1000000 | 0 | 1000000 |
| 13 | 2245-02-110-99-F-repairs of damaged water supply schemes | 58634896 | 187027000 | 245661896 |
| 14 | 2245-02-111-99-Exgratia to bereaved families | 194450000 | 83865714 | 278315714 |
| 15 | 2245-02-112-99 F-evacuation of population | 59399747 | 2842811 | 62242558 |
| 16 | 2245-02-113-99- F-Repair to Damaged Houses | 4907443063 | 6049606388 | 10957049451 |
| 17 | 2245-02-114-99--F-Assistance to farmers to purchase Agri inputs | 134266206 | 26046216 | 160312422 |
| 18 | 2245-02-115-99- F-Assistance to farmers clear salt /silt | 519753941 | 60022762 | 579776703 |
| 19 | 2245-02-118-99-Repair and Replacement of damaged Fishing Boats | 13348543 | 4706600 | 18055143 |
| 20 | 2245-02-119-99--F- Assistance for Artisans for repair/ replacement of damaged tools | 0 | 0 | 0 |
| 21 | 2245-02-122-99—F-Repair/ Replacement of damaged irrigation works | 6438577 | 500378057 | 506816634 |
| 22 | 2245-02-800-96-F-Exgratia to injured persons | 1094465 | 216900 | 1311365 |
| | | 13176371779 | 10999109657 | 24175481436 |

സെക്ഷൻ ഓഫീസർ